ഉത്തരം

(എ) സമർപ്പിച്ചിരുന്നു.

(ബി) ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ കാഞ്ഞിരംചിറയിൽ ഒരു ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതിനായി 32 ലക്ഷം രൂപ ചെലവു വരുന്ന ഒരു പദ്ധതി രൂപരേഖ ഫിഷറീസ് വകുപ്പിന്റെ പരിഗണനയിലാണ്.

തലശ്ശേരി-തലായി ഫിഷിംഗ് ഹാർബർ പദ്ധതി

102 [265] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി-തലായി ഫിഷിംഗ് ഹാർബറിന് കേന്ദ്രാനുമതി ലഭിക്കാത്തത് സംസ്ഥാന സർക്കാർ താൽപ്പര്യമെടുക്കാത്തതുകൊണ്ടാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സംസ്ഥാന സർക്കാർ കൈക്കൊണ്ടതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിന്റെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എന്നത്തേക്ക് പൂർത്തീകരിക്കാനാവുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി ആന്റ് സി) തലശ്ശേരിയിൽ നിന്നും മൂന്നു കിലോമീറ്റർ തെക്കുമാറി തലായി ഭാഗത്ത് ഒരു മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിന് 1370 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പദ്ധതിക്ക് കേന്ദ്രാനുമതി പ്രതീക്ഷിച്ചുകൊണ്ട് 8-3-2000-ാം തീയതിയിലെ ജി.ഒ. (ആർ.ടി.) 99/2000/എഫ്.ആന്റ് പി.ഡി. നമ്പരായി കേരള സർക്കാർ ഭരണാനുമതി നൽകുകയുണ്ടായി. മാതൃകാ പഠനം നടത്തിയ ശേഷം തയ്യാറാക്കുന്ന വിശദമായ രൂപരേഖ സമർപ്പിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ നിർദ്ദേശാനുസരണം മാതൃകാ പഠനം നടത്തുകയും 1970 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പുതുക്കിയ പദ്ധതി രൂപരേഖ 8-10-2002-ൽ കേന്ദ്ര സർക്കാരിനു സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതി രൂപരേഖയിൽ ഉൾപ്പെട്ടിട്ടുള്ള അപ്രോച്ച് റോഡ്, പാർക്കിംഗ് ഏരിയ, ഇന്റേണൽ റോഡ്, ടോയിലറ്റ് ബ്ലോക്ക്, വെയ്ബ്രിഡ്ജ് എന്നീ പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly